## കേരള സർക്കാർ
## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - നഗരസഭ/മുനിസിപ്പാലിറ്റി കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ - പരിഷ്ക്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്

സ.ഉ.(എം.എസ്)നം.200 /2011/തസ്വഭവ. തീയതി, തിരുവനന്തപുരം, 25/08/2011.

=====================================================================

പരാമർശം:-
1. സ.ഉ.(എം.എസ്) നം.174/96/തസ്വഭവ തീയതി.22.8.1996.
2. സ.ഉ.(എം.എസ്) നം.127/2000/തസ്വഭവ തീയതി 4.5.2000.
3. സ.ഉ.(എം.എസ്) നം.153/2007/തസ്വഭവ. തീയതി 7.6.2007.
4. സ.ഉ.(സാധാ) നം.224/2011/തസ്വഭവ. തീയതി 20.1.2011.

### ഉത്തരവ്

സംസ്ഥാനത്തെ നഗരസഭാ/മുനിസിപ്പാലിറ്റികളിലെ കണ്ടിജന്റ് വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ നിലവിലുള്ള സേവന വേതന വ്യവസ്ഥകൾ മേൽ മൂന്നാമതായി വായിച്ച ഉത്തരവു പ്രകാരം 1.7.2004 മുതൽ പ്രാബല്യത്തിൽ പരിഷ്ക്കരിച്ചവയാണ്. ഈ വിഭാഗം ജീവനക്കാരുടെ സേവന, വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും, ഇതു സംബന്ധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി ശ്രീ.രാജേഷ് കുമാർ സിംഗ് ഐ.എ.എസ്. ചെയർമാനായുള്ള കമ്മിറ്റിയെ മേൽ നാലാമതായി വായിച്ച ഉത്തരവ് (സാധ) നം.224/2011/തസ്വഭവ പ്രകാരം നിയോഗിച്ചിരുന്നു. ഇപ്രകാരം നിയോഗിച്ച ശമ്പള പരിഷ്ക്കരണ കമ്മിറ്റി കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി 22.2.2011, 24.2.2011 തീയതികളിൽ ചർച്ച നടത്തുകയും സർക്കാരിന് ശമ്പള പരിഷ്ക്കരണ ശുപാർശകൾ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഈ വിഭാഗം ജീവനക്കാരുടെ വിവിധ ആവശ്യങ്ങളും, ശമ്പള പരിഷ്ക്കരണ കമ്മിറ്റിയുടെ ശുപാർശകളും സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിന് സർക്കാർ സ്വീകരിച്ചിട്ടുള്ള പൊതു മാനദണ്ഡങ്ങളും പരിഗണിച്ച് കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ഇതോടൊപ്പമുള്ള അനുബന്ധങ്ങളിൽ വിശദീകരിക്കും പ്രകാരം പരിഷ്ക്കരിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

ശമ്പള പരിഷ്ക്കരണംമൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത അതാതു നഗരസഭകൾ തനതു ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
രാജേഷ് കുമാർ സിംഗ്,
ഗവൺമെന്റ് സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
എല്ലാ കോർപ്പറേഷൻ മേയർമാർക്കും.

നഗരകാര്യ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ
കൊല്ലം/കൊച്ചി /കോഴിക്കോട്.
എല്ലാ നഗരസഭാ ചെയർമാൻമാർക്കും
എല്ലാ നഗരസഭാ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ഡയറക്ടർ, ഹെൽത്ത് സർവ്വീസസ്
ഡയറക്ടർ, കില, തൃശൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ടോട്ടൽ സാനിട്ടേഷൻ മിഷൻ, തിരുവനന്തപുരം
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യം)
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**പകർപ്പ് :** തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്.

## അനുബന്ധം - I

I. സംസ്ഥാനത്തെ നഗരസഭ/മുനിസിപ്പാലിറ്റികളിലെ കണ്ടിജന്റ് വിഭാഗം ജീവന
ക്കാരെ നാല് കാറ്റഗറികളിലായി വിന്യസിച്ചിരിക്കുന്നു. ഇപ്പോഴത്തെ
സമ്പ്രദായം തുടരുന്നതിനും എന്നാൽ ശമ്പള പരിഷ്ക്കരണത്തിന് ടി നാലു
കാറ്റഗറികളെ നിലവിലുള്ളപോലെ കാറ്റഗറി I (സ്കിൽഡ് വർക്കേഴ്സ്),
കാറ്റഗറി II (അൺസ്കിൽഡ് വർക്കേഴ്സ് ) എന്ന തരംതിരിവ് നിലനിർത്തി
കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് താഴെപ്പറയുന്ന മാസ്റ്റർ ശമ്പള നിരക്കും
കാറ്റഗറി ഒന്നിനും രണ്ടിനും പ്രവേശന തസ്തികയിൽ ചുവടെ പട്ടികയിൽ പറ
യുന്ന പ്രകാരം പ്രത്യേക നിരക്കുകളും നിലവിലുള്ള 8, 16, 23 - വർഷ
ഗ്രേഡിനു പകരം 8, 15, 22, 27 വർഷ സമയ ബന്ധിത ഗ്രേഡും
അനുവദിക്കുന്നു.

**മാസ്റ്റർ ശമ്പള നിരക്ക്**

8730-230-9190-250-9940-270-11020-300-12220-330-13540-360-14980-400-15780
(2) (3) (4) (4) (1) (4) (2)

### പട്ടിക
### (പുതുക്കിയ ശമ്പള/സമയബന്ധിത ഗ്രേഡ് നിരക്കുകൾ)
### കാറ്റഗറി I (സ്കിൽഡ് വർക്കേഴ്സ്)

**നിലവിലുള്ള സ്കെയിൽ**

**പ്രവേശന തസ്തിക**
4750-120-4990-130-5510-140-5930-150-6680-160-7160

**8 വർഷ സമയബന്ധിത ഗ്രേഡ്**
4870-120-4990-130-5510-140-5930-150-6680-160-7480

**16 വർഷ സമയബന്ധിത ഗ്രേഡ്**
4990-130-5510-140-5930-150-6680-160-7480-170-7990

**23 വർഷ സമയബന്ധിത ഗ്രേഡ്**
5120-130-5510-140-5930-150-6680-160-7480-170-7990-200-8190

**പുതുക്കിയ സ്കെയിൽ**

**പ്രവേശന തസ്തിക**
8960-230-9190-250-9940-270-11020-300-12220-330-13210

**8 വർഷ സമയബന്ധിത ഗ്രേഡ്**
9190-250-9940-270-11020-300-12220-330-13540-360-14620

**15 വർഷ സമയബന്ധിത ഗ്രേഡ്**
9440-250-9940-270-11020-300-12220-330-13540-360-14980

**22 വർഷ സമയബന്ധിത ഗ്രേഡ്**
9690-250-9940-270-11020-300-12220-330-13540-360-14980-400-15380

**27 വർഷ സമയബന്ധിത ഗ്രേഡ്**
9940-270-11020-300-12220-330-13540-300-14620-360-14980-400-15780

## കാറ്റഗറി II (സാനിട്ടേഷൻ വർക്കേഴ്സ്)

**നിലവിലുള്ള സ്കെയിൽ**

**പ്രവേശന തസ്തിക**
4630-120-4990-130-5510-140-5930-150-6680

**8 വർഷ സമയബന്ധിത ഗ്രേഡ്**
4750-120-4990-130-5510-140-5930-150-6680-160-7160

**16 വർഷ സമയബന്ധിത ഗ്രേഡ്**
4870-120-4990-130-5510-140-5930-150-6680-160-7480

**23 വർഷ സമയബന്ധിത ഗ്രേഡ്**
4990-130-5510-140-5930-150-6680-160-7480-170-7990

**പുതുക്കിയ സ്കെയിൽ**

**പ്രവേശന തസ്തിക**
8730-230-9190-250-9940-270-11020-300-12220-300-12550

**8 വർഷ സമയബന്ധിത ഗ്രേഡ്**
8960-230-9190-250-9940-270-11020-300-12220-330-13210

**15 വർഷ സമയബന്ധിത ഗ്രേഡ്**
9190-250-9940-270-11020-300-12220-330-13540-360-14620

**22 വർഷ സമയബന്ധിത ഗ്രേഡ്**
9440-250-9940-270-11020-300-12220-330-13540-360-14980

**27 വർഷ സമയബന്ധിത ഗ്രേഡ്**
9690-250-9940-270-11020-300-12220-330-13540-360-14980-400-15380

## II. ശമ്പള നിർണ്ണയത്തിനുള്ള ചട്ടങ്ങൾ

(എ) പുതുക്കിയ ശമ്പള നിരക്കുകൾ 1.7.2009 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(ബി) 1.7.2009 ന് മുമ്പുള്ള ശമ്പള നിരക്കായിരിക്കും ശമ്പള നിർണ്ണയത്തിന് നിലവിലുള്ള നിരക്കായി കണക്കാക്കുന്നത്.

(സി) ശമ്പള നിർണ്ണയത്തിനുള്ള അടിസ്ഥാന ശമ്പളം പുതുക്കിയ നിരക്കിലേക്ക് ഓപ്ഷൻ നൽകുന്നതീയതിയിലെ പഴയ നിരക്കിലെ അടിസ്ഥാന ശമ്പളം (ഇൻക്രിമെന്റ് ഉൾപ്പെടെ) ആയിരിക്കുന്നതാണ്. ടി അടിസ്ഥാന ശമ്പളത്തോടൊപ്പം 64% ഡി.എ കൂടി ലയിപ്പിക്കുന്നതും ഇപ്രകാരം ലഭിക്കുന്ന തുകയോടൊപ്പം അടിസ്ഥാന ശമ്പളത്തിന്റെ 10% ഫിറ്റ്മെന്റ് ബെനിഫിറ്റ് കൂടി ചേർത്ത് ശമ്പളം നിർണ്ണയിക്കേണ്ടതാണ്. ഇപ്രകാരം നിശ്ചയിക്കുന്ന ഫിറ്റ്മെന്റ് ബെനിഫിറ്റിന്റെ തുക മിനിമം 1000 രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. കൂടാതെ പൂർത്തിയായ ഓരോ വർഷത്തിനും 1/2% വെയിറ്റേജ് നൽകുന്നതും ആയത് പരമാവധി 15% മായി നിജപ്പെടുത്തിയിരിക്കുന്നതുമാണ്.

(ഡി) അടിസ്ഥാന ശമ്പളം 64% ഡി.എ 10% ഫിറ്റ്മെന്റ് ബെനിഫിറ്റ്, സർവ്വീസ് വെയിറ്റേജ് എന്നിവ ചേർത്തു ലഭിക്കുന്ന ശമ്പളം പുതിയ ശമ്പള നിരക്കിൽ ഒരു സ്റ്റേജ് ആണെങ്കിൽ ശമ്പളം ആ സ്റ്റേജിൽ നിർണ്ണയിക്കും പുതിയ ശമ്പള നിരക്കിൽ ഒരു സ്റ്റേജ് അല്ലെങ്കിൽ തൊട്ടടുത്ത സ്റ്റേജിൽ ശമ്പളം നിർണ്ണയിക്കും. പുതിയ ശമ്പളനിരക്കിലെ തുടക്ക ശമ്പളത്തിനും താഴെയാണെങ്കിൽ പുതിയ ശമ്പളനിരക്കിലെ മിനിമത്തിൽ ശമ്പളം നിർണ്ണയിക്കേണ്ടതാണ്. ശമ്പളം പുതിയ ശമ്പളനിരക്കിന്റെ പരമാവധിയേക്കാൾ കൂടുതൽ ആണെങ്കിൽ പുതിയ നിരക്കിലെ

ശമ്പളം പുതുക്കിയ ശമ്പള നിരക്കിന്റെ പരമാവധിയായി നിശ്ചയിക്കേണ്ടതും വ്യത്യാസമുള്ള തുക പേഴ്സണൽ പേ ആയി നിലനിർത്തേണ്ടതുമാണ്. ടി പേഴ്സണൽ പേ ഭാവിയി ലുള്ള ഇൻക്രിമെന്റ് മൂലമുള്ള ശമ്പള വർദ്ധനവിൽ ലയിപ്പിക്കുന്നതല്ല. എന്നാൽ എല്ലാ കാര്യങ്ങൾക്കും ശമ്പള നിർണ്ണയം, അവധി ശമ്പളം, അലവൻസുകൾ (ക്ഷാമബത്ത), പെൻഷൻ എന്നിവയ്ക്ക് കണക്കിലെടുക്കുതാണ്. പുതിയ ശമ്പള നിരക്കിലെ ഇൻക്രിമെന്റ് ഓപ്ഷൻ, തീയതി മുതൽ ഒരു വർഷം പൂർത്തിയാക്കുന്ന മുറയ്ക്കാണ് അനുവദിക്കേണ്ടത്.

(ഇ) <u>സർവ്വീസ് വെയിറ്റേജ്</u>: ഡയസ് നോൺ കാലയളവ് സഞ്ചിത പ്രാബല്യമില്ലാതെ ഇൻക്രിമെന്റ് തടഞ്ഞ കാലയളവ് എന്നിവ സർവ്വീസ് വെയിറ്റേജിന് കണക്കിലെടുക്കാവുന്നതാണ്. ഇൻക്രിമെന്റിന് കണക്കിലെടുക്കാത്ത അവധി കാലയളവ് സർവ്വീസ് വെയിറ്റേജിന് കണക്കിലെടുക്കേണ്ടതില്ല.

(എഫ്) 1.7.09 ന് ശേഷം നിയമനം ലഭിച്ച ജീവനക്കാരെ പുതിയ ശമ്പള സ്കെയിലിൽ നിയമിക്കുന്നതായിട്ട് കണക്കാക്കി ശമ്പളം നിർണ്ണയിക്കേണ്ടതാണ്.

## III. ഓപ്ഷൻ

ശമ്പള പരിഷ്ക്കരണ ഉത്തരവ് തീയതി മുതൽ ആറുമാസം നിശ്ചിത ഫോമിൽ ഓപ്ഷൻ (അനുബന്ധം II) സമർപ്പിക്കേണ്ടതാണ്. ഈ ഉത്തരവ് പ്രാബല്യത്തിൽ വരുന്ന തീയതിയായ 1.7.2009 ന് മുമ്പ് സർവ്വീസിൽ ഉണ്ടായിരുന്നവർക്ക് പുതിയ ശമ്പളനിരക്ക് അവർ സമർപ്പിക്കുന്ന ഓപ്ഷനെ അടിസ്ഥാനപ്പെടുത്തി അനുവദിക്കാവുന്നതാണ്. നിശ്ചിത തീയതിക്കകം ഓപ്ഷൻ സമർപ്പിക്കാത്തവർക്ക് 1.7.09 മുതൽ പുതുക്കിയ ശമ്പള പരിഷ്ക്കരണം ഓപ്റ്റ് ചെയ്തതായി കണക്കാക്കി അത് അനുസരിച്ചുള്ള ശമ്പളം നിർണ്ണയിക്കാവുന്നതാണ്. ഒരിക്കൽ നൽകിയ ഓപ്ഷൻ അന്തിമമായിട്ടാണ് കണക്കാക്കുന്നത്. റീ ഓപ്ഷൻ അനുവദിക്കുന്നതല്ല.

## IV. ഉത്തരവിന്റെ പ്രാബല്യവും കുടിശ്ശികയും

പുതുക്കിയ നിരക്കിൽ ശമ്പള വർദ്ധനവ് 1.7.09 മുതൽ അനുവദിക്കുന്നു. കുടിശ്ശിക നൽകുന്ന കാര്യത്തിൽ പ്രത്യേകം തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

## V. ക്ഷാമബത്ത

പുതിയ ശമ്പള നിരക്കിൽ ക്ഷാമബത്ത 01/01/10 മുതൽ 8% ഉം 01/07/10 മുതൽ 10% വും (ആകെ. 18%) എന്ന നിരക്കിൽ ജി.ഒ.(പി) നം. 85/11/ഫിൻ. തീയതി, 26/02/2011 ഉത്തരവിൽ അനുശാസിക്കും പ്രകാരം അനുവദിക്കുന്നു.

## VI. സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ്

പരമാവധി അഞ്ച് സ്റ്റാഗ്നേഷൻ ഇക്രിമെന്റ് അനുവദിക്കുന്നു. അതിൽ ആദ്യത്തെ നാലെണ്ണം വാർഷികമായിട്ടും അവസാനത്തേത് ദ്വൈവാർഷികമായും അനുവദിക്കാവുന്നതാണ്.

**VII** സമയബന്ധിത ഹയർഗ്രേഡ് പ്രൊമോഷൻ സംബന്ധിച്ച് സർക്കാർ ജീവനക്കാർക്ക് ഹയർഗ്രേഡ് അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും കണ്ടിജന്റ് ജീവനക്കാർക്കും ബാധകമാണ്.

**VIII.** സർക്കാർ ജീവനക്കാരുടെ പുതിയ ശമ്പള പരിഷ്ക്കരണ ഉത്തരവിലെ മറ്റു വ്യവസ്ഥകൾ ശമ്പള പരിഷ്ക്കരണത്തെ സംബന്ധിച്ച് പിന്നീട് സർക്കാർ പുറപ്പെടുവിക്കുന്ന ഭേദഗതികൾ എന്നിവ കണ്ടിജന്റ് ജീവനക്കാർക്കും ബാധകമായിരിക്കും.

## IX വീട്ടുവാടക അലവൻസ്

കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് താഴെപ്പറയുന്ന നിരക്കിൽ വീട്ടുവാടക അലവൻസ് അനുവദിക്കുന്നു.

| ശമ്പളതോത് (രൂപ) | ബി2 ക്ലാസ്സ് നഗരങ്ങൾ | സി ക്ലാസിൽപ്പെടുന്ന മുനിസിപ്പാലിറ്റികൾ | മറ്റ് മുനിസിപ്പാലിറ്റികൾ |
|---|---|---|---|
| 8730-12549 | 560 | 390 | 390 |
| 12550 -ഉം അതിനു മുകളിലും | 840 | 550 | 480 |

കുറിപ്പ്: - 1. 'ബി. ക്ലാസ്സ്' സിറ്റി എന്നത് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കൊല്ലം,തൃശൂർ നഗരങ്ങളും, 'സി ക്ലാസ്' എന്നത് ആലപ്പുഴ, ചങ്ങനാശ്ശേരി, കാഞ്ഞങ്ങാട്, കണ്ണൂർ, കാസർഗോഡ്, കായംകുളം, കുന്നംകുളം, കോട്ടയം, മലപ്പുറം, മഞ്ചേരി, നെടുമങ്ങാട്, നെയ്യാറ്റിൻകര, പാലക്കാട്, പയ്യന്നൂർ, പൊന്നാനി, കൊയിലാണ്ടി, തളിപ്പറമ്പ്, തിരുവല്ല, തിരൂർ, വടകര, എന്നീ സിറ്റികൾ/നഗരങ്ങളും ആയിരിക്കും.

2. മറ്റ് മുനിസിപ്പാലിറ്റികൾ എന്നത് ബി, സി ക്ലാസ്സ് വിഭാഗത്തിൽപ്പെടാത്ത മുനിസിപ്പൽ പ്രദേശവും, ബി, സി ക്ലാസ്സ് വിഭാഗത്തിൽപ്പെടാത്ത ജില്ലാ/താലൂക്ക് ആസ്ഥാന പ്രദേശവും ആയിരിക്കും.

## X. സിറ്റി കോമ്പൻസേറ്ററി അലവൻസ്

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ബാധകമാക്കുന്ന നിരക്കിൽ പ്രതിമാസം താഴെപ്പറയുന്ന പ്രകാരം സിറ്റി കോമ്പൻസേറ്ററി അലവൻസ് അനുവദിക്കുന്നു.

| ക്രമ നമ്പർ | അടിസ്ഥാന ശമ്പളം | പ്രതിമാസ നിരക്ക് (രൂപ) |
|---|---|---|
| 1 | 9940 ന് താഴെ | 200/- |
| 2 | 9940 മുതൽ 13539 വരെ | 250/- |
| 3 | 13540 ഉം അതിനു മുകളിലും | 300/- |

## XI. സ്പെഷ്യൽ അലവൻസ്

നിലവിലുള്ള പ്രതിമാസ സ്പെഷ്യൽ അലവൻസ് നിരക്ക് 50 രൂപ എന്നത് 75 രൂപ ആയി 01/04/2011 മുതൽ പ്രാബല്യത്തിൽ അനുവദിക്കുന്നു.

## XII. റിസ്ക് അലവൻസ്

നിലവിലുള്ള 75 രൂപ എന്നത് പ്രതിമാസ നിരക്ക് 100 രൂപയായി 01/04/2011 മുതൽ വർദ്ധിപ്പിച്ച് അനുവദിക്കുന്നു.

## XIII. ഹിൽ ട്രാക്റ്റ് അലവൻസ്

സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ നിരക്കിൽ ചട്ടപ്രകാരം അർഹരായവർക്ക് നൽകാവുന്നതാണ്.

## XIV. ചൂൽ അലവൻസ്

നിലവിലുള്ള പ്രതിമാസ നിരക്കായ 125 രൂപ 175 രൂപയായി വർദ്ധിപ്പിച്ച് 01/04/2011 മുതൽ നൽകുന്നു.

## XV. യൂണിഫോം അലവൻസ്

G.O.(P)85/11/Fin. dated 26.2.2011 പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിന് അനുസൃതമായ നിരക്കു നിശ്ചയിച്ച് ഇവർക്കും നൽകാവുന്നതാണ്.

## XVI. സോപ്പ്

നിലവിൽ അനുവദിച്ചിട്ടുള്ള 200 ഗ്രാം സോപ്പ് പ്രതിമാസം 400 ഗ്രാം ആയി വർദ്ധിപ്പിച്ച് അനുവദിക്കുന്നു.

## XVII. മെഡിക്കൽ അലവൻസ് / മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

29-9-2000 -ലെ ജി.ഒ.(എം.എസ്) നമ്പർ 274/2000/തസ്വഭവ. സർക്കാർ ഉത്തരവിൽ അനുവദിച്ച പ്രകാരം കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡൻസ്) ചട്ടങ്ങൾ പ്രകാരമുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിന് കണ്ടിജന്റ് ജീവനക്കാർക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ അവർക്ക് മെഡിക്കൽ അലവൻസിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

## XVIII. ആർജ്ജിതാവധി സറണ്ടർ

കണ്ടിജന്റ് ജീവനക്കാർക്ക് ഒരു സാമ്പത്തിക വർഷത്തിലൊരിക്കൽ മാത്രം 30 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്യാൻ അനുവദിക്കുന്നു. ആർജ്ജിതാവധിയുടെ നിർണ്ണയാനുപാതം 1/11 ആയി നിജപ്പെടുത്തുന്നു.

## XIX. അർദ്ധ വേതനാവധി

നിലവിൽ അനുവദിച്ചിട്ടുള്ള സിക്ക് ലീവ് സമ്പ്രദായം അവസാനിപ്പിച്ച് നഗരസഭ കണ്ടിജന്റ് ജീവനക്കാർക്കും കെ.എസ്.ആർ-ലെ ബന്ധപ്പെട്ട ചട്ടങ്ങൾക്ക് അനുസൃതമായി അർദ്ധവേതനാവധി ബാധകമാക്കിയത് തുടരുന്നതാണ്.

## XX. മെഡിക്കൽ ചെക്കപ്പ്

നിലവിലുള്ള സമ്പ്രദായം തുടരുന്നതാണ്. വർഷത്തിൽ നാല് മെഡിക്കൽ ചെക്കപ്പുകൾ നടത്തുന്നതിന് നഗരസഭകൾക്ക് പ്രത്യേകം നിർദ്ദേശം പുറപ്പെടുവിയ്ക്കേണ്ടതാണ്. കൂടാതെ, ഫോട്ടോ പതിച്ച ഹെൽത്ത് കാർഡുകൾ നൽകേണ്ടതാണ്.

## XXI. ഭവന നിർമ്മാണ വായ്പ/വാഹന വായ്പ

ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ ഭവനനിർമ്മാണ/വാഹന വായ്പ കണ്ടിജന്റ് തൊഴിലാളികൾക്ക് ലഭ്യമാക്കുന്ന കാര്യം അതത് നഗരസഭകൾ പരിഗണിക്കേണ്ടതാണ്.

## XXII. ബാദ്ധ്യത എഴുതിത്തള്ളൽ

സർവ്വീസിലിരിക്കെ മരണപ്പെടുന്ന കണ്ടിജന്റ് ജീവനക്കാരുടെ നഗരസഭയിലെ ബാദ്ധ്യത എഴുതിത്തള്ളുന്നത് *സംബന്ധിച്ച്* നഗരസഭകളുടെ ശുപാർശ പരിഗണിച്ച്

ഓരോ കേസ്സും പ്രത്യേകം പരിശോധിച്ച്, സർക്കാർ തലത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

## XXIII. വിദ്യാഭ്യാസ ആനുകൂല്യം

ജീവനക്കാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം നിലവിലുള്ള ഉത്തരവുകൾ പ്രകാരം തുടരുന്നതാണ്.

## XXIV. ജോലി സമയവും ഹാജർ രേഖപ്പെടുത്തലും

ജീവനക്കാരുടെ ജോലി സമയത്തിൽ വർദ്ധനവ് വരുത്താതെ ഡ്യൂട്ടി സമയത്തിൽ ആവശ്യമായ ക്രമീകരണം വരുത്തി നഗര ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് അതാത് നഗരസഭകൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. നിലവിലുള്ള മസ്റ്ററിംഗ് സമ്പ്രദായം തുടരുന്നതാണ്.

## XXV. പെൻഷൻ

പെൻഷൻ ആനുകൂല്യം സംബന്ധിച്ച് പിന്നീട് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

## അനുബന്ധം II

## ഓപ്ഷൻ ഫോറം

ഞാൻ...............................................................................................................(പേര്)
.....................................................................................................................(ഉദ്യോഗപ്പേര്)
ഇതിനാൽ ................................................................ മുതൽ പുതുക്കിയ ശമ്പള സ്കെയിലായ രൂപ.................................................................സ്വീകരിക്കുന്നു.

തെറ്റായ ശമ്പള നിർണ്ണയം വഴി എന്നെങ്കിലും ശമ്പളവും അലവൻസും വാങ്ങിയതായി പിന്നീട് കണ്ടുപിടിച്ചാൽ അധികം വാങ്ങിയ തുക തിരിച്ചടച്ചു കൊള്ളാമെന്ന് ഞാൻ സമ്മതിക്കുന്നു.

ഒപ്പ്
പേര്
തസ്തിക
ഓഫീസ്/വകുപ്പ്

സ്ഥലം:
തീയതി: